# Deepika

## 12 August 2018

## Kochi, Pumping Resumed, Drinking Water Supply

**കുടിവെള്ള വിതരണം സാധാരണ നിലയിലേക്ക്**

### പവർ ഹൗസുകളിൽ പമ്പിംഗ് പുനരാരംഭിച്ചു

**കൊച്ചി:** ചെറുതോണി, ഇടമലയാർ ഡാമുകൾ തുറന്നതുമൂലം പെരിയാറിലുണ്ടായ വെള്ളപ്പൊക്കത്തെത്തുടർന്ന് താറുമാറായ കുടിവെള്ള വിതരണം സാധാരണ നിലയിലേക്ക്. വെള്ളത്തിന്റെ വരവു കുറഞ്ഞതോടെ ജില്ലയുടെ കിഴക്കൻ മേഖലകളിലെ പമ്പ് ഹൗസുകളിൽ നിർത്തിവച്ചിരുന്ന കുടിവെള്ള വിതരണം പുനരാരംഭിച്ചു. ജില്ലയിലെ പ്രധാന പമ്പ് ഹൗസുകളായ ആലുവ, ചൊവ്വര, മരട് കുടിവെള്ള വിതരണ ശുദ്ധീകരണ കേന്ദ്രങ്ങളിൽ ഇന്നലെ ഉച്ചയോടെ പമ്പിംഗ് സാധാരണ നിലയിലായി. വരും ദിവസങ്ങളിൽ പമ്പിംഗ് പൂർണതോതിലേക്ക് എത്തുമെന്ന് വാട്ടർ അഥോറിറ്റി ചീഫ് എൻജിനീയർ അലക്സ് കുര്യാക്കോസ് പറഞ്ഞു.

ഇടമലയാർ അണക്കെട്ട് തുറന്ന ദിവസം പകൽ ആലുവ പമ്പ് ഹൗസിൽ പമ്പിംഗ് നിർത്തിവച്ചിരുന്നു. മൂവാറ്റുപുഴയുടെ പരിധിയിൽവരുന്ന കുട്ടമ്പുഴ, കുട്ടമംഗലം, പിണ്ടിമന, കോട്ടപ്പടി, കീരമ്പാറ പമ്പ് ഹൗസുകളും പെരിയാറിൽ വെള്ളം ഉയർന്നതോടെ പ്രവർത്തനം നിർത്തി. ആലുവയിൽ പമ്പിംഗ് അന്ന് വൈകുന്നേരം ആറിനു ശേഷം പുനരാരംഭിച്ചെങ്കിലും ചെറു പമ്പ് ഹൗസുകൾ ഇന്നലെയോടെയാണ് പ്രവർത്തിച്ചു തുടങ്ങിയത്. ഇതോടെ കഴിഞ്ഞ രണ്ടു ദിവസമായി ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ നേരിട്ടുകൊണ്ടിരുന്ന കുടിവെള്ള പ്രശ്നത്തിനു ശമനമായി.

പ്രതിദിനം 290 ദശലക്ഷം ലിറ്റർ വെള്ളമാണ് ആലുവയിൽ നിന്ന് വിതരണം ചെയ്യുന്നത്. ചൊവ്വര പമ്പ് ഹൗസിൽ രണ്ടു യൂണിറ്റുകളിൽ നിന്നായി 76 ദശലക്ഷം ലിറ്റർ കുടിവെള്ളം വിതരണം ചെയ്യുന്നുണ്ട്. പാഴൂർ പമ്പ് ഹൗസ് വഴി മരടിലെ ട്രീറ്റ്മെന്റ് പ്ലാന്റിൽ വെള്ളമെത്തിച്ച് പശ്ചിമകൊച്ചി ഉൾപ്പടെയുള്ള തീരപ്രദേശങ്ങളിലേക്ക് കുടിവെള്ളമെത്തിക്കുന്ന ജനറം കുടിവെള്ള വിതരണ പദ്ധതിയും സാധാരണ നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇന്നലെ പകൽ രണ്ടു മണിക്കൂർ പമ്പിംഗ് അല്പമൊന്ന് കുറച്ചിരുന്നെങ്കിലും ഉച്ചയോടെ സാധാരണ നിലയിലെത്തിച്ചു.